കേരള സയൻസ് ആന്റ് ടെക്നോളജി മ്യൂസിയത്തിലെ നിയമനത്തിനുള്ള മാനദണ്ഡങ്ങൾ

127 [3017] ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സയൻസ് ആന്റ് ടെക്നോളജി മ്യൂസിയത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഏതെല്ലാം നിയമനങ്ങൾ നടത്തിയിട്ടുണ്ടെന്ന് ഇനം തിരിച്ച് വെളിപ്പെടുത്തുമോ;

(ബി) ഇവിടെ ജീവനക്കാരെ നിയമിക്കുന്നത് ഏത് മാനദണ്ഡമനുസരിച്ചാണെന്ന് വെളിപ്പെടുത്തുമോ;

(സി) നിയമനം നടത്തുന്നതിന് സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതി വാങ്ങണമെന്നും തുടർന്ന് എക്സിക്യൂട്ടീവ് കമ്മിറ്റി അനുമതി നൽകണമെന്നുമുള്ള വ്യവസ്ഥ പാലിച്ചിട്ടുണ്ടോ; എങ്കിൽ ഉത്തരവുകളുടെ കോപ്പി ലഭ്യമാക്കുമോ;

(ഡി) തസ്തികകൾ ഒരു വർഷത്തിലധികം ഒഴിവായി കിടന്നാൽ ആ തസ്തിക ഇല്ലാതാകുന്നതായി ധനകാര്യവകുപ്പിന്റെ ജി. ഒ. (പി) നമ്പർ 1208/2001/ ഫിനാൻസ് തീയതി 22-10-2001-ലെ ഉത്തരവിൽ പറയുന്നത് ഈ സ്ഥാപനത്തിൽ പാലിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദീകരിക്കുമോ;

(ഇ) സർക്കാർ മാനദണ്ഡമനുസരിച്ചുള്ള സംവരണതത്വം ഈ സ്ഥാപനത്തിലെ നിയമനങ്ങളിൽ പാലിച്ചിട്ടുണ്ടോ; എങ്കിൽ വെളിപ്പെടുത്തുമോ;

(എഫ്) ഇല്ലെങ്കിൽ സംവരണതത്വം പാലിക്കാതെയും റൂൾസ് ആൻഡ് റെഗുലേഷൻ പാലിക്കാതെയുമുള്ള നിയമനം ക്യാൻസൽ ചെയ്തു ഉത്തരവാകുമോ;

(ജി) ഈ സ്ഥാപനത്തിൽ ഡെപ്യൂട്ടി ഡയറക്ടറുടെ തസ്തിക അനുവദിച്ചുകൊണ്ട് ഉത്തരവായിട്ടുള്ളതിൽ പ്രസ്തുത പോസ്റ്റിന് വേണ്ടുന്ന വിദ്യാഭ്യാസ യോഗ്യത പരാമർശിക്കുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ പോസ്റ്റിൽ നിയമനം നടത്തിയ മാനദണ്ഡം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം താഴെ പറയുന്ന തസ്തികകളിൽ നിയമനങ്ങൾ നടത്തിയിട്ടുണ്ട്. സർക്കാർ നേരിട്ട് നിയമനങ്ങൾ നടത്തിയിട്ടില്ല.

1. ഡെപ്യൂട്ടി ഡയറക്ടർ
2. എൽ. ഡി. ക്ളാർക്ക്

LIBRARY ARCHIVES Kerala Legislative Assembly

3. സബ് സ്റ്റേഷൻ അസിസ്റ്റന്റ്
4. എ. സി. പ്ലാന്റ് അസിസ്റ്റന്റ്
5. ടിക്കറ്റ് കൗണ്ടർ അസിസ്റ്റന്റ്
6. വർക്ക്ഷോപ്പ് അറ്റന്റർ
7. റിസപ്ഷനിസ്റ്റ്
8. ഡ്രൈവർ.

(ബി) സർക്കാർ അനുമതിയോടെ മ്യൂസിയത്തിന്റെ ഗവേണിംഗ് ബോഡി സൃഷ്ടിക്കുന്ന തസ്തികകളിൽ എക്സിക്യൂട്ടീവ് കമ്മിറ്റിയാണ് നിയമനം നടത്തുന്നത്. പത്രപരസ്യം നൽകി ടെസ്റ്റ്/ഇന്റർവ്യൂ നടത്തിയാണ് നിയമനം നടത്താറുള്ളത്.

(സി) ഇല്ല.

(ഡി, ഇ, എഫ് ആന്റ് ജി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

റിപ്രോഗ്രാഫിക് സെന്ററിൽ സർട്ടിഫിക്കറ്റ് നൽകുന്നതിൽ അനാസ്ഥ

128 [3018] ശ്രീ. തോമസ് ഉണ്ണിയാടൻ :
,, ജോസഫ് എം. പുതുശ്ശേരി :
,, സ്റ്റീഫൻ ജോർജ് :
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളാ സ്റ്റേറ്റ് ഓഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്ററിന്റെ കീഴിൽ എത്ര ട്രെയിനിംഗ് സെന്ററുകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ടി ട്രെയിനിംഗ് സെന്ററുകളിൽ കമ്പ്യൂട്ടർ പഠനത്തിനായി നിലവിൽ എത്ര കോഴ്സുകളാണ് ഉള്ളത്;

(സി) പ്രസ്തുത ട്രെയിനിംഗ് സെന്ററുകളിൽ പരിശീലനം നേടുന്നവർക്ക് യഥാസമയം പരീക്ഷ നടത്തി സർട്ടിഫിക്കറ്റ് നൽകുന്ന കാര്യത്തിൽ അധികൃതരുടെ ഭാഗത്തുനിന്നും അനാസ്ഥയുണ്ടെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന് പരിഹാരമുണ്ടാക്കുമോ?

ഉത്തരം

(എ) 16

(ബി) 19

LIBRARY ARCHIVES Kerala Legislative Assembly